പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4540

17.12.2014 ൽ മറുപടിയ്ക്ക്

**നിതാഖത് നിയമം മൂലം തൊഴിൽ നഷ്ടപ്പെടുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടിയുള്ള സ്വയംതൊഴിൽ പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, കെ.മുരളീധരൻ<br>,, എം.എ. വാഹീദ് | | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | (എ) സൗദി സർക്കാരിന്റെ നിതാഖത് നിയമം മൂലം തൊഴിൽ നഷ്ടപ്പെടുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടി സംസ്ഥാന പിന്നോക്ക വിഭാഗ വികസന കമ്മീഷൻ പ്രത്യേക സ്വയം തൊഴിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഇല്ല. എന്നാൽ നിതാഖത് നിയമം മൂലം സൗദി അറേബ്യയിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവന്ന മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കായി കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ പ്രത്യേക സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കിയിരുന്നു. |
| (ബി) | എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | നിതാഖത് നിയമം മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവന്ന മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പലിശ കുറഞ്ഞ വായ്പ ലഭ്യമാക്കുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. |
| (സി) | ഏതെല്ലാം മേഖലയിൽ ആരംഭിക്കുന്ന സ്വയം തൊഴിലുകളാണ് പ്രസ്തുത പദ്ധയിൽ ഉൾപ്പെടുന്നതെന്ന് വിശദമാക്കുമോ; | (സി) | വരുമാനാദായകരവും, നിയമപരമായി നടത്താൻ കഴിയുന്നതുമായ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ അനുവദിച്ചിരുന്നു. |
| (ഡി) | എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പദ്ധതിയിലൂടെ സംരംഭകർക്ക് നൽകുന്നതെന്ന് വിശദമാക്കുമോ? | (ഡി) | 3% പലിശ നിരക്കിൽ പരമാവധി 10 ലക്ഷം രൂപയാണ് വായ്പ ഇനത്തിൽ സംരംഭകർക്ക് അനുവദിച്ചിരുന്നത്. |

സെക്ഷൻ ഓഫീസർ